കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ./കെ.എൻ.ആർ./സി.13/601/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി : 28.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്. |

******

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/കെ.എൻ.ആർ./സി.13/601/2020 തീയ്യതി 28.09.2020

# കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 02-09-2018 മുതൽ 30-06-20 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-07-2020 മുതൽ 15-07-2020 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ശ്രീ സത്യാനന്ദൻ സിവി ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷൈജു മാത്യു അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ധന്യ .എം.വി (ഓഡിറ്റർ) |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

പ്രസിഡണ്ട്:

| പേര് | കാലയളവ് |
|---|---|
| ശ്രീമതി | 01-04-2018 മുതൽ 31-03- |

| | |
|---|---|
| മൈമൂനത്ത്.എം | 2019 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.വി.ഹരിദാസ് | 1-04-18 മുതൽ 23-09-18 വരെ<br><br>02-10-18 മുതൽ 31-03-19 വരെ |
| ശ്രീ .ഉമ്മർ.വി, അസി. സെക്രട്ടറി (അധിക ചുമതല) | 24-09-18മുതൽ 01-10-18 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഗണേശൻ എം ടി | 01-04-18 മുതൽ 31-03-2019വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.നിഷ ജോസ് | 1-4-18 മുതൽ<br><br>18-07-18വരെ |
| | ശ്രീ.ഡിക്സൺ ദേവസ്യ | 19-07-18 മുതൽ<br><br>14-01-19വരെ |
| | ശ്രീമതി.നിഷ ജോസ് | 15-01-19 മുതൽ<br><br>31-03-19വരെ |
| വി.ഇ.ഒ | ശ്രീ.ജയപ്രകാശ്.പി.കെ ചപ്പാരപ്പടവ് സർക്കിൾ | 1-4-18 മുതൽ<br><br>31-03-19വരെ |
| | ശ്രീമതി.ഖദീജ കെ കുവേരി സർക്കിൾ | 01-04-2018 മുതൽ<br><br>05-10-18 വരെ |
| | ശ്രീ. ജയപ്രകാശ് പി.കെ.,<br>കുവേരി സർക്കിൾ | 06-10-2018 മുതൽ 05.12.2018 വരെ |
| | ശ്രീമതി.ബിന്ദു എം പി കുവേരി സർക്കിൾ | 06-12-18 മുതൽ<br><br>31-3-19വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത ഇ എം | 01-04-18 മുതൽ<br><br>22-06-18വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ഹസീന വി | 23-06-18മുതൽ 31-03-19വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.അരുൺ ശങ്കർ | 1-4-18മുതൽ 31-3-19വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പ്രീത.പി.വി | 1-4-18 മുതൽ 31-3-19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഉമ്മർ.വി | 1-4-18 മുതൽ 31-3-19വരെ |
| വെറ്റിനറി സർജൻ | ഡോ.സമീർ.കെ | 1-4-18 മുതൽ 31-3-19വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഗീത കരിപ്പത്ത് | 1-4-18 മുതൽ 28-07-18വരെ |
| | ശ്രീ.ജനാർദ്ദനൻ എം | 29-07-18 മുതൽ 31-03-19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ദീപ ജോസ് | 1-4-18മുതൽ 31-3-19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1-ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകങ്ങൽ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| | | |

| | | |
|---|---|---|
| 13 | മരാമത്ത് പ്രവൃത്തികൾ: ഇ-ടെണ്ടർ ഫീ, തൊഴിലാളി ക്ഷേമനിധി കലക്ഷൻ ചാർജ് എന്നിവ ഈടാക്കുന്നില്ല. | 1-13 |
| 14 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 15 | പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>പശുവളർത്തൽ അർഹതാമാനദണ്ഡം നിശ്ചയിച്ചതിലെ അപാകത | 1-15 |
| 16 | ഇ.എം.എസ് ഭവന പദ്ധതി-വായ്പാ തുക ലോൺ അക്കൗണ്ടിലേക്ക് ഒടുക്കിയതിലെ കാലതാമസം | 1-16 |
| 17 | തെങ്ങ് കൃഷി വികസനം പദ്ധതി:- തെങ്ങ് മുറിച്ച് മാറ്റി പുതിയത് നട്ടുപിടിപ്പിച്ചത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക 157000 രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. | 1-18 |
| 19 | ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-19 |
| 20 | ഭൂജലവകുപ്പിന് കുഴൽകിണർ നിർമ്മിക്കുന്നതിന് നൽകിയ തുകയിൽ നിന്നും തിരികെ ലഭിച്ച തുക യഥാസമയം സഞ്ചിത നിധിയിലേക്ക് ഒടുക്കുന്നില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളുടെ ആധിക്യം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നു. | 1-21 |
| 22 | ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി അപാകങ്ങൾ. | 1-23 |
| 24 | കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-24 |
| 25 | പശുവളർത്തൽ പദ്ധതി:- ഗുണഭോക്താക്കളുടെ അർഹത നിശ്ചയിച്ചതിൽ അപാകം | 1-25 |
| 26 | പാലിയേറ്റീവ് പരിചരണം-ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. | 1-26 |
| 27 | കായിക പരിശീലനം പദ്ധതി:- നടത്തിപ്പിലെ അപാകങ്ങൾ | 1-27 |
| | ഭാഗം 2 - ഇല്ല | |
| | ഭാഗം 3- ഇല്ല | |
| | <u>ഭാഗം-4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u> | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപം | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28-03-18ലെ 48/18 നമ്പർ തീരുമാനം പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റു പ്രകാരമുള്ള വരവ് ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23439768 |
| വരവ് | 135664700 |
| ആകെ | 159104468 |
| ചെലവ് | 150460560 |
| നീക്കിയിരിപ്പ് | 8643908 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് 1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചു തരണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31-07-19 | 18-05-2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38516165 |
| വരവ് | 91088987 |
| ആകെ | 129605152 |
| ചെലവ് | 92353779 |
| നീക്കിയിരിപ്പ് | 37251373 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 21423492 | 21423493 | 19917065 | 1506428 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2764000 | 2764000 | 2439248 | 324752 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 806000 | 806000 | 566000 | 240000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 33135000 | 33135000 | 23201071 | 9933929 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4402000 | 4402000 | 4326756 | 75244 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9943000 | 9943000 | 6695648 | 3247352 |
| ദുരിതാശ്വാസനിധി | | 1298 | 619 | 1917 | 0 | 1917 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25720693 | 25720693 | 25720693 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2194 | 462165 | 464359 | 460620 | 3739 |
| ഐ.സി.ഡി.എസ് | | 222225 | 635625 | 857850 | 463462 | 394388 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിതവേതനം | | 0 | 129960 | 129960 | 129960 | 0 |
| വിവാഹധനസഹായം | | 0 | 480000 | 480000 | 480000 | 0 |
| മറ്റുള്ളവ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1281206 | 1391860 | 2673066 | 1388953 | 1284113 |
| | ജില്ലാ പഞ്ചായത്ത് | 415 | 1848048 | 1848463 | 1488478 | 359985 |
| ബി ഫണ്ട് | | 0 | 57199700 | 57199700 | 57199700 | 0 |

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | ശതമാനം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 13 | 10 | 77 | 3664594 | 1572152 | 42.90 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 177 | 78 | 44 | 87061951 | 35909010 | 41.24 |
| 3 | കൃഷി ഓഫീസർ | 6 | 5 | 83.33 | 2574250 | 1677939 | 65.18 |
| 4 | വി ഇ ഒ | 13 | 11 | 84.62 | 26963905 | 20528616 | 76.13 |
| 5 | ഐസിഡിഎസ് സൂപ്പർ വൈസർ | 8 | 6 | 75 | 5406453 | 5011202 | 92.69 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 11 | 11 | 100 | 1993864 | 1774810 | 89.01 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 100 | 450000 | 450000 | 100 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 100 | 1628440 | 1542240 | 94.70 |
| 9 | വെറ്റിനറി സർജ്ജൻ | 7 | 5 | 71.43 | 5376000 | 1742500 | 32.41 |
| 10 | ഹെഡ്മാസ്റ്റർ | 6 | 6 | 100 | 1497851 | 1314391 | 87.75 |
| 11 | ഡയരിഫാം ഇൻസ്ട്രക്ടർ | 2 | 1 | 50 | 1418779 | 962360 | 67.83 |
| | ആകെ | 253 | 143 | 56.52 | 138036087 | 72485220 | 52.51 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 138036087 | 143 | 72485220 | 0 | 11 | 56 |

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2194 | 462165 | 464359 | 460620 | 3739 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25720693 | 25720693 | 25720693 | 0 |
| ആകെ | 2194 | 26182858 | 26185052 | 26181313 | 3739 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129960 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 7189700 | 596 |
| വിധവാപെൻഷൻ | 16387300 | 1318 |
| വാർദ്ധക്യകാലപെൻഷൻ | 29000400 | 2425 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 480000 | 16 |
| 50വയസ്സിൽ കൂടുതൽ പ്രായമായ അവിവാഹിതകൾക്കുള്ള പെൻഷൻ | 399900 | 34 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4041200 | 335 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-07-20 തീയ്യതി 2.30 p.mന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2285/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

11-07-2018 ലെ ഓഫീസ് ഉത്തരവ് നമ്പർ 16/2018 പ്രകാരം ജീവനക്കാരുടെ ചുമതലകൾ വിശദമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഓഫീസ്സിന്റെ സുഗമമായ പ്രവർത്തനത്തിന് ഈ ഉത്തരവ് സഹായകമായിട്ടുണ്ട്. പ്രതിമാസം ചേരേണ്ട സ്റ്റാഫ് മീറ്റിംഗ് ആകെ 8 തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. 2018 മെയ്, ജൂൺ, ആഗസ്റ്റ്, നവംബർ മാസങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടില്ല. സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം കൃത്യമായി ചേരേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ സമിതികൾ കൃത്യമായി യോഗം ചേരുകയും തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭരണ സമിതി മിനുട്സ് ഓൺലൈനിൽ ആക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ്സ് സംവിധാനം പ്രവർത്തിച്ചു വരുന്നു. ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി എഴുതുന്നുണ്ട്. പൗരാവകാശരേഖ 2019 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-01-2020 | ഡിസംബർ | 25-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-12-16 മുതൽ 5-01-17വരെ | 2011-12 മുതൽ 2015-16 വരെ | 28-02-2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ബി-4 ഷെഡ്യൂൾ പ്രകാരം കേരള ഗ്രാമീൺ ബാങ്കിലെ (അക്കൗണ്ട് നം 7680) നീക്കിയിരിപ്പ് 30299 രൂപയാണ്.എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 30604 രൂപയാണ്.

2.എസ് ബി ഐ ആലക്കോടിന്റെ (അക്കൗണ്ട് നം5053) 25-09-2018 വരെയുള്ള രേഖപ്പെടുത്തലുകൾ നടത്തിയ പാസ് ബുക്ക് മാത്രമേ (നീക്കിയരിപ്പ് 188616 രൂപ) പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. ആയതിനാൽ 31-03-2019 ലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.എസ് ബി ഐ (എം.പി. ഫണ്ട്) പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 2018-19 നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.വസ്തുനികുതി ഡി സി ബി ഹാജരാക്കിയിട്ടില്ല.

5.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6.ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7.ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിരുന്നുവെങ്കിലും അപൂർണ്ണമാണ്.

# 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് |
|---|---|
| 1 | കെ.പി രാധാകൃഷ്ണൻ |
| 2 | ബിന്ദു ആറ്റുപ്പുറത്ത് |
| 3 | ഫറൂക്ക് എം |
| 4 | ഷൈജ കെ.എം |
| 5 | കുര്യാക്കോസ് എൻ.സി |
| 6 | അനിൽ കുമാർ പി.ബി |
| 7 | രാജു ജോസഫ് |
| 8 | ജോജോ മാത്യു |
| 9 | കുഞ്ഞിമൊയ്തീൻ കെ |
| 10 | ഹരിലാൽ ടി.വി |
| 11 | ബാബു കെ |
| 12 | അബൂബക്കർ സിദ്ധിക്ക് |
| 13 | തോമസ് പി.വി |
| 14 | ജഗദീഷ് കുമാർ |
| 15 | ഉണ്ണികൃഷ്ണൻ കെ |
| | |

ഇത് സംബന്ധിച്ച് 15-07-2020 ൽ നൽകിയ 14/18-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ സൂചിപ്പിച്ചിരിക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 മരാമത്ത് പ്രവൃത്തികൾ:ഇ ടെൻഡർ ഫീ,തൊഴിലാളി ക്ഷേമനിധി കളക്ഷൻ ചാർജ്ജ് എന്നിവ ഈടാക്കുന്നില്ല.

1)ഇ ടെൻഡർ ഫീ.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ഫീ കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. നാളിതുവരെ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് മറുപടിയായി ലഭിക്കുവാനുള്ള തുക കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)<u>നിർമ്മാണതൊഴിലാളി ക്ഷേമനിധി-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.</u>

ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996 സെക്ഷൻ 3-3 പ്രകാരം നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ പ്രവർത്തി ബില്ലിൽനിന്നും ഈടാക്കുന്നതുകയുടെ 1% ഗ്രാമപഞ്ചായത്തിന് കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഇത് ബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.6/13.07.2020) മറുപടിയായി ഭാവിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

# 1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (ബി-15ഷെഡ്യൂൾ) പ്രകാരം 31-3-2019 ന് തൻവർഷത്തെ 44293 രൂപയും കുടിശ്ശികയിനത്തിൽ 279421രൂപയും കൂടി 323714രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പ്രോജക്ട് നമ്പർ 97/19

വികസനഫണ്ട് (പൊതുവിഭാഗം) - 437500

സംസ്ഥാനാവിഷ്കൃത പരിപാടി - 437500

ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്- 875000

ആകെ അടങ്കൽ - 1750000

പ്രത്യേക കന്നുകുട്ടി പരിപലനം പ്രോജക്ടിന്റെ നിർവ്വഹണത്തിനായി താഴെ കൊടുത്തത് പ്രകാരം തുക വികസന ഫണ്ടിൽ നിന്നും മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഡെപ്യൂട്ടിഡയരക്ടരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|
| P11/18-19/12-3-19 | 87500 |
| P12/18-19/12-3-19 | 87500 |
| P13/18-19/12-3-19 | 87500 |
| P14/18-19/12-3-19 | 87500 |
| P15/18-19/12-3-19 | 87500 |
| ആകെ | 437500 |

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇ.എം.എസ്.ഭവന പദ്ധതി-വായ്പ തുക ലോൺ അക്കൗണ്ടിലേക്ക് ഒടുക്കിയതിലെ കാലതാമസം

ഇ.എം.എസ്.ഭവന പദ്ധതി-വായ്പ തുകയുടെ പലിശ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2018-19 വർഷം വികസന ഫണ്ടിൽ നിന്നും വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ₹1750000 വായ്പ തിരിച്ചടവിലേക്കായി ട്രഷറിയിൽ നിന്ന് പിൻവലിച്ച് തടിക്കടവ് സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 11270200012819 ലേക്ക് ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ഒടുക്ക് വിവരം പരിശോധിച്ചതിൽ (ഓഡിറ്റ് എൻക്വയറി നം 8/2018-19 തീയതി 13-07-2020 ന് മറുപടിയായി ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ് മെന്റ്) തുക വായ്പാ അക്കൗണ്ടിൽ ക്രെഡിറ്റായത് വൈകി മാത്രമാണ്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ.

| ക്രമ നം | തുക (₹) | വർഷം | പ്രോജക്ട് നമ്പർ പേര് | ട്രഷറിയിൽ നിന്ന് പിൻവലിച്ച തീയ്യതി | ലോൺ അക്കൗണ്ടിൽ നിക്ഷേ | ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | പിച്ച തീയ്യതി | വന്ന കാല താമസം |
| 1 | 1750000 | 2018-19 | 68/2019<br>ഇ.എം.എസ്. ഭവന പദ്ധതി- വായ്പ തുക തിരിച്ചടവ് | ബിൽ നം 3/2018-19 തീയതി 30-07-2018<br>(വികസന ഫണ്ട്) | 05-09-2018 | 36ദിവസം |

മേൽ പ്രകാരം വായ്പ തുക ഒടുക്കുന്നതിനായി ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക യഥാസമയം ലോൺ അക്കൗണ്ടിലേക്ക് വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇതുമൂലം പലിശയിനത്തിൽ ഇക്കാലയളവിൽ വ്യത്യാസം വന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 തെങ്ങ് കൃഷി വികസനം പദ്ധതി:- തെങ്ങ് മുറിച്ച് മാറ്റി പുതിയവ നട്ടുപിടിപ്പിച്ചത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക 157000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 74/2019 |
| പ്രോജക്ടിന്റെ പേര് | തെങ്ങ് കൃഷി വികസനം- |
| അടങ്കൽ | ₹ 1182300 (വികസന ഫണ്ട്), ₹ 498950 (മറ്റുള്ളവ) – ആകെ ₹ 16,81,250 |
| ചെലവ് തുക | ₹ 1181950 |
| ബിൽ നമ്പർ | 03/2018-19 തീയതി 16-11-2018-1010250<br>05/2018-19 തീയതി 05-01-2019 -14700<br>08/2018-19 തീയതി 23-03-2019 -51000<br>09/2018-19 തീയതി 21-03-2019 -48500 |

| | |
|---|---|
| | 10/2018-19 തീയതി 21-03-2019 -52500<br>11/2018-19 തീയതി 21-03-2019 -5000 |

മേൽ കൊടുത്ത ബില്ലുകൾ പ്രകാരമുള്ള തുകകൾ വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

അർഹരായ കർഷകർക്ക് ഒരു തെങ്ങിന് 100 രൂപയുടെ ജൈവവളം വാങ്ങുമ്പോൾ ആയതിന്റെ 75% സബ്സിഡി നൽകലും രോഗബാധയുള്ളതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തൈകൾ നേരിട്ട് വാങ്ങി നടുകയുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തെങ്ങിന് വളം വാങ്ങുന്നതിന് 1024950 രൂപയും തെങ്ങ് മുറിച്ച് മാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്നതിന് 157000 രൂപയും ചെലവ് ചെയ്തിട്ടുണ്ട്.

ഒരു തെങ്ങ് മുറിച്ചു നീക്കാൻ 500 രൂപ ആനുകൂല്യം നൽകാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇപ്രകാരം 314 തെങ്ങുകൾ മുറിച്ച് മാറ്റി പുതിയവ നട്ടു പിടിപ്പിക്കുന്നതിന് 157000 രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ തെങ്ങുകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിച്ചതിന്റെ വിവരം പരിശോധിക്കാനാവശ്യമായ കൃഷി ഓഫീസറുടെ ഫീൽഡ് റിപ്പോർട്ട് അനുബന്ധരേഖകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 157000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-18 തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 271/- രൂപ). 13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട

എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷം തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 86 | ₹129960 |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

# 1-19 ദുരിതാശ്വാസനിധി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം.6321 കുവേരി സർവ്വീസ് സഹ.ബാങ്ക്) 01-04-2018ന് 1298 രൂപയും 31-03-2019 ന് 1917 രൂപയും മാത്രമാണ് നീക്കിയിരിപ്പായിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ ദുരിതാശ്വാസ നിധിയിൽ ₹ 619 മാത്രമേ വരവ് വന്നിട്ടുള്ളൂ. പ്രസ്തുത കാലയളവിൽ ചെലവൊന്നും ചെയ്തിട്ടുമില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ദുരിതാശ്വാസനിധി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി

പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതു സംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

## 1-20 ഭൂജല വകുപ്പിന് കുഴൽ കിണർ നിർമ്മിക്കുന്ന നൽകിയ തുകയിൽ നിന്നു തിരികെ ലഭിച്ച തുക യഥാസമയം സഞ്ചിത നിധിയിലേക്ക് ഒടുക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 256/2019 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 1200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക | 342080(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ | 16/2018-19 തീയതി 28-01-2019-22080/-<br>23/2018-19 തീയതി 21-03-2019 -320000/- |

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന് തുക നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കുഴൽ കിണർ നിർമ്മിക്കുന്ന സ്ഥലം | തുക |
|---|---|---|
| 1 | ചുണ്ടക്കുന്ന് | 43850 |
| 2 | അമ്മൻകുളം | 16420 |
| 3 | മീമ്പറ്റി | 22820 |
| 4 | വിളയാർകോവ് | 31210 |
| 5 | എഡി എസ് ന്യൂ ബിൽഡിംഗ് | 36840 |
| 6 | പെരുവന | 31210 |
| 7 | പുറത്തൊടി | 34410 |
| 8 | പാലയാട് | 36840 |
| ആകെ | | 253600 |

22080 രൂപ പ്രസ്തുത ആവശ്യത്തിനായി സർവ്വെ നടത്തുന്നതിനും ബാക്കി തുക കുഴൽ കിണർ കുഴിക്കുന്നതിനുമാണ് നൽകിയിട്ടുള്ളത്. ടി സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് 253600 രൂപയാണ് ചെലവായിട്ടുള്ളത്. ബാക്കി 66400 രൂപ ടി എസ് ബി ചെക്ക് നം 5510319 തീയതി 16-

10-2019 പ്രകാരം ഗ്രാമപഞ്ചായത്തിന് ഭൂജലവകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/13-07-20) മറുപടിയായി തിരികെ ലഭിച്ച തുക ഓഡിറ്റ് വേളയിൽ (15-07-20) ഒടുക്കിയതിന്റെ ചെലാനിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി പണത്തിൽ നിന്നും ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയിൽ നിന്നും ആവശ്യം കഴിഞ്ഞ് തിരികെ ലഭിക്കുന്ന തുക സമയബന്ധിതമായി സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികൾ-സ്പിൽഓവർ പ്രവൃത്തികളുടെ ആധിക്യം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നു.

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികൾ 177 എണ്ണമാണ്. എന്നാൽ ഇവയിൽ ഭൂരിപക്ഷം പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിയവയിൽതന്നെ ഭൂരിപക്ഷവും സ്പിൽഓവർ പ്രവൃത്തികളാണ്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | പ്രവൃത്തിയിനം | ആകെ എണ്ണം | പൂർത്തിയാക്കി ബിൽ തുക നൽകിയ പ്രവൃത്തികളുടെ എണ്ണം | ക്യൂ ബിൽ ആയ പ്രവൃത്തികൾ | നടപ്പിലാക്കാത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തിയാക്കിയ പ്രവൃത്തികളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | സ്പിൽ ഓവർ | 80 | 51 | 13 | 16 | 80 |
| 2 | തൻവർഷം | 97 | 27 | 8 | 62 | 36.08 |
| ആകെ | | 177 | 78 | 21 | 78 | 42.37 |

സ്പിൽ ഓവർ പ്രവൃത്തികളുടെ ആധിക്യത്താലാണ് തൻവർഷ പ്രവൃത്തികൾ വളരെ കുറഞ്ഞ അളവിൽ മാത്രം നടപ്പിലാക്കേണ്ടിവന്നതെന്ന് വ്യക്തമാണ്. സ്പിൽ ഓവർ പ്രവൃത്തികൾക്കായി നീക്കിവെച്ച തുകയുടെ 56 % തുക ചെലവഴിച്ചപ്പോൾ തൻവർഷ പ്രവൃത്തികൾക്കായി നീക്കിവെച്ച തുകയുടെ 27 % മാത്രമാണ് ചെലവഴിക്കുന്നതിന് സാധിച്ചത്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | പ്രവൃത്തിയിനം | വകയിരുത്തിയ തുക | ചെലവഴിച്ചതുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|
| 1 | സ്പിൽ ഓവർ | 40276020 | 22925649 | 56 |
| 2 | തൻവർഷം | 46785931 | 12983361 | 28 |
| ആകെ | | 87061951 | 35909010 | 41.25 |

മാത്രമല്ല ആകെ ചെലവ് തുകയായ 35909010 രൂപയുടെ 63.84% സ്പിൽ ഓവർ പ്രവൃത്തികൾക്കായി ചെലവഴിച്ചപ്പോൾ 35.95% മാത്രമാണ് തൻവർഷപ്രവൃത്തികൾക്കായി ചെലവഴിച്ചതെന്നും വ്യക്തമാണ്.

മാത്രമല്ല ക്യൂബിൽ ആയ പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യം 11973263 രൂപയാണ്. ഈ തുകയും 2019-20 സാമ്പത്തിക വർഷത്തേക്ക് ചെലവ് വരുന്നതിനാൽ ആ വർഷത്തെ പദ്ധതി ചെലവുകളേയും ഇത് ബാധിക്കുന്ന സാഹചര്യം സംജാതമാകുന്നു. ആയതിനാൽ തന്നെ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിച്ച് ക്യൂ ബില്ലുകൾ പരമാവധി കുറക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭൂരിഭാഗം പ്രവൃത്തികളും സ്പിൽ ഓവറാകുന്നതിന് താഴെ പറയുന്ന കാരണങ്ങൾ ശ്രദ്ധയിൽപെട്ടു.

1)<u>സാമ്പത്തിക വർഷത്തിലും അധിക ം കാലയളവ് പ്രവൃത്തിസമയം നൽകുന്നു.</u>

യഥാസമയം ടെൻഡർ ചെയ്യുന്ന പല പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി സാമ്പത്തിക വർഷത്തിലു അധികം കാലയളവ് നൽകുന്നതും സ്പിൽ ഓവർ പ്രവൃത്തികൾക്ക് കാരണമാകുന്നു. ഉദാഹരണമായി രാമപുരം പെരുമ്പിത്തോട് സ്കൂൾ റോഡ് ഓവുചാൽ നിർമ്മാണം (പ്രോജക്ട് നം.67/19), മഞ്ഞക്കാട് -കട്ടയാൽ റോഡ് റീടാറിംഗ് (പ്രോജക്ട് നം 25/19) എന്നീ പ്രവൃത്തികൾക്ക് യഥാക്രമം 30/10/2018,15/10/2018 തിയ്യതികളിലാണ് കരാർ ഉടമ്പടി ചമച്ചുവെങ്കിലും പൂർത്തീകരണ കാലാവധിയായി നൽകിയിരിക്കുന്നത് 180 ദിവസമാകയാൽ അടുത്ത സാമ്പത്തിക വർഷത്തിലേക്ക് നീണ്ടുപോകുന്നു.

2)<u>പ്രവൃത്തി തുടങ്ങുന്നതിൽ കരാറുകാരുടെ ഭാഗത്തുനിന്നും കാലതാമസം.</u>

ക്രിസ്ത്യൻ പള്ളി -ഭജനമഠം റോഡ് ടാറിംഗ്, കലുങ്ക് നിർമ്മാണം (പ്രോജക്ട് നം.88/18,175/19), റോഡ് റീടാറിംഗ് ക്രിസ്ത്യൻ പള്ളി -ഭജനമഠം റോഡ് ടാറിംഗ് (പ്രോജക്ട് നം.82/18,172/19) എന്നിവ ഇതിനുദാഹരണങ്ങളാണ്. ക്രിസ്ത്യൻ പള്ളി - ഭജനമഠം റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരനുമായി 28.3.2018 ന് കരാർ ഉടമ്പടി ചമക്കുകയും 3 മാസം പൂർത്തീകരണ സമയം അനുവദിക്കുകയും ചെയ്തുവെങ്കിലും പ്രവൃത്തി തുടങ്ങിയത് 4.10.2018 ൽ മാത്രമാണ്. അതുപോലെ മണിക്കൽ -കരുവാൻചിറ്റ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരനുമായി 28.3.2018 ന് കരാർ ഉടമ്പടി ചമക്കുകയും 3 മാസം പൂർത്തീകരണ സമയം അനുവദിക്കുകയും ചെയ്തുവെങ്കിലും പ്രവൃത്തി തുടങ്ങിയത് 1.3.2019 ൽ മാത്രമാണ്.

3)<u>ബജറ്റ് വിഹിതത്തിലും അധികമായി അടങ്കൽ നിശ്ചയിക്കുന്നു.</u>

സംസ്ഥാന സർക്കാരിന്റെ 2018-19വർഷത്തെ ബജറ്റ് പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന് അനുവദനീയമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലുള്ള ആകെ തുക 72475000 രൂപയായിരിക്കെ ഈ ഫണ്ട് ഇനങ്ങളിലായി മാത്രം 786,62,699 രൂപയുടെ മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വരവിനേക്കാൾ അധികമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും പ്രവൃത്തികൾ സ്പിൽ ഓവറാകുന്നതിന് കാരണമാകുന്നതായി കാണുന്നു.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് നൽകിയ എൻക്വയറിക്ക് (നം.15/15.07.2020) മറുപടിയായി ഓഡിറ്റ് വർഷത്തിൽ തൻവർഷത്തെ ഫണ്ട് ലഭ്യതയിലും

അധികമായി പ്രവൃത്തികൾ വിഭാവനം ചെയ്യപ്പെട്ടതും അസി.എഞ്ചിനീയരുടെ തസ്തിക ആദ്യ മാസങ്ങളിൽ ഒഴിവായി കിടന്നതും, കൂടാതെ പല പ്രവൃത്തികളും റീ ടെൻഡർ ചെയ്യേണ്ടിവന്നതുമാണ് പ്രവൃത്തികൾ ഭൂരിഭാഗവും സ്പിൽ ഓവറാകാനുള്ള സാഹചര്യം സംജാതമാക്കിയതെന്ന് അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ടെൻഡർ ഫോം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും എത്ര ടെൻഡർ ഫോറങ്ങൾലഭിച്ചുവെന്നോ, ഓരോ തവണയും എഞ്ചീനീയറിംഗ് സെക്ഷനിലേക്ക് നൽകിയതിന് ശേഷമുള്ള നീക്കിബാക്കിയോ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ സെക്രട്ടറിയുടെ പക്കൽനിന്നും ലഭ്യമായ ടെൻഡർ ഫോറങ്ങളുടെ എണ്ണം രേഖപ്പെടുത്തുകയും അതിൽനിന്നും കരാറുകാർക്ക് നൽകുന്നതിന്റെ എണ്ണം രേഖപ്പെടുത്തുകയും ചെയ്ത് നീക്കി ബാക്കി കാണിച്ചിരിക്കുന്ന വിധത്തിൽ എഞ്ചിനീയറിംഗ് സെക്ഷനിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രണ്ട് വിഭാഗങ്ങളിലും ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# 1-23 തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ.

2018-19 വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. ഈ വർഷത്തെ ലേബർ ബജറ്റ് പ്രകാരം 882 പ്രവൃത്തികളിലായി 96,499 തൊഴിൽ ദിനങ്ങൾ വിഭാവനം ചെയ്യുകയും അവയിൽ 250 പ്രവൃത്തികളിലായി 85602 തൊഴിൽദിനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തൻവർഷം പുതുതായി തൊഴിൽകാർഡെടുത്ത 127 പേർ ഉൾപ്പെടെ ആകെ 2217 തൊഴിലാളികൾക്ക് തൊഴിലുകൾ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ മസ്റ്റർ റോൾ ഉൾപ്പെടെയുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/15.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് സെക്ഷനിൽനിന്നും ലഭ്യമാക്കിയ വരവ് ചെലവ് കണക്കുകൾ പ്രകാരം തൻവർഷത്തെ ചെലവ് തുക 265,52,208 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്ക് പ്രകാരം (I-14(A), ഇത് 26182858 ആണ്. ഇതിന്റെ വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല.

ചെയ്ത പ്രവൃത്തികളിൽ ഭൂരിപക്ഷവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ്. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള നീർത്തട മാസ്റ്റർ പ്ലാനുകൾ 2018-19 വർഷത്തിന് മുന്നോടിയായി പുതുക്കണമെന്ന് സർക്കുലർ നമ്പർ 394/ഡി.ഡി.2/2017/തസ്വഭവ തി.21.10.2017 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

കൂടാതെ മുകളിൽ സൂചിപ്പിച്ച സർക്കുലറിലെ ഖണ്ഡിക 11.11.2 പ്രകാരം ലേബർ ബജറ്റ് അംഗീകരിക്കുന്നതിന് മുന്നോടിയായി അയൽക്കൂട്ട തല യോഗം കൂടി ഒക്ടോബർ 15 ന് മുൻപായി ചർച്ച ചെയ്യേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം ചർച്ച ചെയ്തതിന്റെ മിനുട്സ് ലഭ്യമാക്കിയിട്ടില്ല.

# 1-24 കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-

# തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രവൃത്തിയുടെ പേര് : മഞ്ചക്കൽ കുടിവെള്ള വിതരണ പദ്ധതി(200/19)

അടങ്കൽ തുക : 550000 (തനത് ഫണ്ട്)

കരാറുകാരന്റെ പേര്: ഫാറൂക്ക് എം.

കരാർ ഉടമ്പടി നം : 6/AE/LSGD/CGP2018-19/58127തി.3.7.2018

കരാർ ഉടമ്പടി പ്രകാരം അനുവദിച്ച പൂർത്തീകരണ സമയം: 6 മാസം.

3.7.2018 ന് സ്ഥലം കൈമാറിയ ഈ പ്രവൃത്തി 1/2019 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തി നാളിതുവരെ തുടങ്ങിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി പ്രവൃത്തിയുടെ 25% മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് രജിസ്റ്റേഡ് തപാലിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എത്രയും വേഗം പ്രവർത്തി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും നിയമാനുസൃതമായ പിഴ ഈടാക്കി ബിൽ തുക നൽകേണ്ടതുമാണ്. കരാറുകാരൻ പ്രവൃത്തി തുടർന്ന് ചെയ്യാത്തസാഹചര്യം സംജാതമാവുകയാണെങ്കിൽ ഈ പ്രവൃത്തിക്കായി കരാറുകാരൻ കെട്ടിവച്ച 27600 രൂപയുടെ സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തേണ്ടതുമാണ്.

# 1-25 പശുവളർത്തൽ പദ്ധതി:- ഗുണഭോക്താക്കളുടെ അർഹത നിശ്ചയിച്ചതിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0089/19 |
| വികസന ഫണ്ട് | 1200000 |
| ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് | 1200000 |
| | 2400000 |

ഒരു ഗുണഭോക്താവിന് 10 ലിറ്ററിൽ കുറയാത്ത പാലുല്പാദനമുള്ള ഓരോ കറവപശുവിനെ വിതരണം ചെയ്യാൻ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതി പ്രകാരം മൊത്തവിലയുടെ 50% അല്ലെങ്കിൽ പരമാവധി 20000 രൂപ സബ്സിഡി നൽകുന്നു. പശുവിനെ ഗുണഭോക്തൃ സമിതി മുഖേന വാങ്ങണം. ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് നേരിട്ട് വില്പനക്കാരന് നൽകണം. പദ്ധതി പ്രകാരം തൻവർഷം ആകെ 60 കറവപശുക്കളെ വാങ്ങാൻ തുക അനുവദിച്ചിട്ടുണ്ട്. ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ & തീയ്യതി | തുക |
|---|---|
| P2/18-19/28.9.18 | 460000 |
| P3/18-19/28.9.18 | 160000 |
| P4/18-19/29.10.18 | 360000 |

| | |
|---|---|
| P5/18-19/29.11.18 | 140000 |
| P6/18-19/31.12.18 | 60000 |
| P8/18-19/31.12.18 | 20000 |
| ആകെ | 1200000 |

ഭൂരിഭാഗം അപേക്ഷയിലും അർഹത പരിശോധിച്ച് അർഹതാ മാനദണ്ഡം കോളത്തിൽ വർക്കിംഗ് ഗ്രൂപ്പ് മാർക്ക് ഇട്ടിട്ടില്ല. എന്നാൽ ഗുണഭോക്തൃപട്ടികയിൽ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാക്രമം തയ്യാറാക്കിയിട്ടുള്ളത്. ഈ വൈരുദ്ധ്യത്തിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. 14-07-2020 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 15-07-2020 ന് നൽകിയ മറുപടിയിൽ വാർഡ് വികസന സമിതി മുഖേന ഒന്നിച്ചിരുന്നാണ് അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മുൻഗണനാ ക്രമം തയ്യാറാക്കിയിട്ടുള്ളത് എന്നും അപേക്ഷകളിൽ മാർക്കിടാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് സ്രോതസ്സ് രേഖയായ അപേക്ഷകളിൽ നിശ്ചിത സ്ഥാനത്ത് ഗുണഭോക്താവിന് ലഭിച്ച മാർക്കിടാതെ ഗുണഭോക്തൃ പട്ടികയിൽ മാത്രം മാർക്ക് രേഖപ്പെടുത്തി മുൻഗണനാ ക്രമം തയ്യാറാക്കിയത് ശരിയായ നടപടിക്രമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്താക്കളുടെ അർഹത നിശ്ചയിക്കുന്നതിൽ സുതാര്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പാലിയേറ്റീവ് പരിചരണം:- ഗുണഭോക്തൃലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്റ്റിന്റെ പേര് - സാന്ത്വന പരിചരണ പരിപാടി

പ്രോജക്റ്റ് നമ്പർ - S0098/18-19

അടങ്കൽ - 700000 (വികസനഫണ്ട്)

ചെലവ്- 700000

2018-19 വർഷം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വിവിധതരത്തിലുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. 29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/ തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് പ്രസ്തുത വർഷം ചെലവ് നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 15-07-2020 ൽ നൽകിയ 13/18-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം

തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസ്തുത വർഷം പ്രസിദ്ധീകരിച്ചിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

# 1-27 കായിക പരിശീലനം പദ്ധതി:- നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ 140/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജിഎൽപിഎസ് പടപ്പേങ്ങാട്.

തനത് ഫണ്ട്- 40000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 40000

ജില്ലാ പഞ്ചായത്ത് വിഹിതം- 40000

ആകെ അടങ്കൽ - 120000 രൂപ

ചെലവ്:

ചെക്ക് നമ്പർ SB/XY 2520727/6-2-19 26816 രൂപ

ചെക്ക് നമ്പർ SB/XY 2520767/21-8-19 13184 രൂപ (2019-20 വർഷത്തെ പാർട്ട് ബിൽ)ൽ

14.02.2018 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ)നം.22/2018/തസ്വഭവയിലെ ഖണ്ഡിക 7.6.1, 7.6.2 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പ്രോജക്ട് അനുസരിച്ച് പഞ്ചായത്തിലെ യുവജന ക്ലബ്ബുകളെ സംഘടിപ്പിച്ച് വോളീബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബടി എന്നീ ഗെയിമുകളിൽ പഞ്ചായത്ത് തലത്തിൽ സെലക്ഷൻ കം ചാമ്പ്യൻഷിപ്പ് നടത്തുകയും തുടർന്ന് സെലക്ഷൻ ട്രയൽസ്സിലൂടെ മേൽ ഗെയിമുകളിൽ പഞ്ചായത്ത്തല ടീമുകളെ കണ്ടെത്തുകയും ചെയ്യുന്നു. ടീം രൂപീകരണം കോച്ചിംഗ് ക്യാമ്പ്, ഉൽഘാടനം, കോച്ചിംഗ് ക്യമ്പിനുള്ള ധനസഹായം, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവ പ്രവർത്തനങ്ങളാണ്. 18 മുതൽ 45 വയസ്സു വരെയുള്ള യുവജനങ്ങൾക്ക് പരിശീലനം നൽകാൻ പ്രോജക്ട് വിഭാവനം ചെയ്യുന്നു.

അപാകങ്ങൾ

എ) വോളീബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബടി എന്നീ ഗെയിമുകളിൽ സെലക്ഷനും പരിശീലനവും നടത്താൻ ലക്ഷ്യമിട്ടെങ്കിലും ക്രിക്കറ്റ്, കബടി എന്നിവ നടത്തിയിട്ടില്ല. വോളീബോൾ, ഫുട്ബോൾ പരിശീലനം നേടിയ ആളുകളെ വെച്ച് പഞ്ചായത്ത് തലത്തിൽ ടീം രൂപീകരികരിച്ച് നിലനിർത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ പ്രോജക്ടുകൊണ്ട് സാധിച്ചിട്ടില്ല.

ബി) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്ക് ആൻറ് ഇഷ്യൂ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സി) മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിൽ വിഭാവനം ചെയ്ത നിലയിൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കും വിധത്തിൽ പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് 13.07.2020 ന് നൽകിയ 10/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 14.07.2020 ന് നൽകിയ മറുപടിയിൽ മോണിട്ടറിംഗ് റിപ്പോർട്ടും സ്റ്റോക്ക് രജിസ്റ്ററും പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 15/07/2019 മുതൽ 18-07-19 വരെ | നം. കെ.എസ്.എ/ കെ.എൻ.ആർ./ സി.13/1386/2019 തീയ്യതി 17-08-2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 29500 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 29500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 162360 | പാലിന് സബ്സിഡി | 162360 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 81600 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 81600 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1566448 | ലൈഫ് ഭവന പദ്ധതി | 1320000 | 246448 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവ് വിളക്ക് ലൈൻ നീട്ടൽ,, മീറ്ററിംഗ് | 1) 2401228644/20.02.19<br>2)2401228639/20.02.19<br>3)2400848123/24.11.18 | 401452 | 401452 | 0 |
| GWD | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | 1)2401116047/25.1.19<br>2)2401345013/12.03.19 | 342080 | 275680 | 66400/- രൂപ 6/11/19 തിയതിയിൽ തിരിച്ചടച്ചിട്ടുണ്ട്. |
| KSEB | ബാലപുരം SC കോളനി കുടിവെള്ള പദ്ധതിക്കായി 3 | 2401403893/18.03.19 | 32391 | 32391 | 0 |

| | | | | | |
|---|---|---|---|---|---|
| | ഫേസ് ലൈൻ വലിക്കൽ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ ഉ(സ) 317/2010 തസ്വഭവ, തിയതി 26/01/2010 | 17001000 | 2129925 | 1750000 | | 379925 |
| കെ.യു.ആർ.ഡി.എഫ്.സി. | ജി.ഒ. (എം.എസ്) നം.124/2018/ എൽ.എസ് .ജി.ഡി. തീ. 11.09.18 | 6633791 | 6633791 | | | 6633791 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വര്ഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

<u>വര്ഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ | സ്ഥാപനത്തിന്റെ | നിക്ഷേപിച്ച | കാലയളവ് | തുക |
|---|---|---|---|---|

| നം | പേര് | തിയതി | | |
|---|---|---|---|---|
| | കുവേരി സർവ്വീസ് സഹകരണ ബാങ്ക് | 16/04/2018 | 1 വർഷം | 5000000 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 11 | 2003-04 | 3.13.2 | ഓട്ടോറിക്ഷ വാങ്ങൽ | |
| 1999-2000 | 16 | 2003-04 | 3.13.3 | കൺവീനർമാരുടെ കമ്മീഷൻ | |
| 2001-02 | 8 | 2004-05 | | മരാമത്ത് പണി രേഖയില്ലാത്ത ചെലവ് | |
| 2000-01 | 3-6 | 2005-06 | 2.90.1 | മുൻകൂർ കൈപ്പറ്റി-പദ്ധതി നടപ്പിലാക്കിയില്ല. | |
| 1999-00 | 3-4 | 2005-06 | 2.90.2 | കലുങ്ക് പണി-കൺവീനർക്ക് അധികം തുക. | |
| | | 2011-12 | 2-1 | ഗ്രാമസഭ അപാകം-പൊതു അവലോകനം | |
| 2014-15<br>2015-16 | 2-1<br>2-2 | 2016-17 | 2 | തൊഴിൽനികുതി – പരാമർശങ്ങൾ | |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 91088987 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92353779 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 157000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 157000 | ശ്രീമതി. നിഷ ജോസ്,<br>കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഇല്ല)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇല്ല)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നിഷ ജോസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൃഷി ഭവൻ ചപ്പാരപ്പടവ് | കാരിക്കാട്ടിൽ ഹൗസ്,<br>കുട്ടാപ്പറമ്പ് പി ഒ,<br>ആലക്കോട്,<br>കണ്ണൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 (പ.വി) | കെ.എസ്.എ/കെ.എൻ.ആർ/ സി.13/756/19 തീ.14.06.2019 | 1 |
| 1999-2000 | “ | 1 |
| 2000-01 | “ | 1 |
| 2002-03 | “ | 1 |
| 2009-10<br>2010-11 | “ | 3 |
| 2011-12<br>2012-13 | “ | 7 |
| 2013-14<br>2014-15 | “ | 11 |
| 2015-16 | “ | 11 |
| 2016-17 | “ | 9 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.13/992/18 തീ. 5.07.19 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.13/601/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയതി: 28.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Chapparapadavu Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 38245907.00 |
| Cash | Cash | RP-40(a) | 270258.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1170610.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 695855.00 |
| 150000000 | Sale & Hire Charges | RP-5 | 173921.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70265257.00 |
| 171000000 | Interest Earned | RP-9 | 281089.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6643503.00 |
| 350000000 | Other Liabilities | RP-36 | 378771.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2437.00 |
| 311000000 | Earmarked Funds | RP-29 | 619.00 |
| 330000000 | Secured Loans | RP-32 | 6633791.00 |
| 340000000 | Deposits Received | RP-34 | 176971.00 |
| 350000000 | Other Liabilities | RP-36 | 233902.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4422411.00 |
| 460000000 | Loans, Advances and Deposits | RP-47 | 6850.00 |

| | | | |
|---|---|---|---|
| | Grand total | | 129605152.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3690746.00 |
| 220000000 | Administrative Expenses | RP-12 | 992075.00 |
| 230000000 | Operations & Maintenance | RP-13 | 1916932.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5128049.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25900460.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2920263.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1287345.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 889258.00 |
| 255000000 | Maintenance Projects | RP-20 | 19585445.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -916709.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 313491.00 |
| 350000000 | Other Liabilities | RP-36 | 5280469.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4030.00 |
| 280000000 | Prior Period Item | RP-26 | -600.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 1750000.00 |
| 340000000 | Deposits Received | RP-34 | 154900.00 |
| 350000000 | Other Liabilities | RP-36 | 1915646.00 |
| 410000000 | Fixed Assets | RP-38 | 10287577.00 |
| 412000000 | Capital work in Progress | RP-40 | 4622052.00 |
| 420000000 | Investments | RP-41 | 5000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1132350.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 37251373.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 129605152.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

INCOME AND EXPENDITURE STATEMENT OF CHAPPARAPADAVU GRAMA PANCHAYAT FOR THE PERIOD FROM 01-04-2018 TO 31-03-2019

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5157318 |
| 130000000 | Rental Income from panchayat properties | I-3 | 182448 |
| 140000000 | Fees & User Charges | I-4(b) | 1037555 |
| 150000000 | Sale & Hire Charges | I-5(b) | 173921 |
| 160000000 | Revenue Grants, Funds, Contributions&Compensations | I-6 | 158140349 |
| 171000000 | Interest Earned | I-8 | 281089 |
| 180000000 | Other Income | I-9 | 2437 |
| A | Total Income | | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10394779 |
| 220000000 | Administrative Expenses | I-11(b) | 992075 |
| 230000000 | Operations & Maintenance | I-12(b) | 1916932 |
| 240000000 | Interest & Finance Charges | I-13 | 4030 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5128049 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51992455 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2920263 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1287345 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 57907758 |
| 255000000 | Maintance Projects | I-14(e) | 19585445 |
| 260000000 | Grands,Contributions and compansations From Own Fund | 1-15 | 500000 |
| 270000000 | Provisions & Writeoff | I-16 | 13141 |
| | | | |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 6430600 |
| B | Total Expenditure | | 159072872 |
| C=A-B | Gross Surplus / Defict Income over Expenditure | | 5902245 |
| D= 280000000 | Prior Period Item | I-18 | (1325204) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 7227449 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

# <u>അനുബന്ധം-2-3 ബാലൻസ് ഷീറ്റ്</u>

BALANCE SHEET OF CHAPPARAPADAVU GRAMA PANCHAYAT AS ON 31-03-2019

| Code No. | Description of Items | Schedule | Amount |
|---|---|---|---|
| | <u>LIABILITIES</u> | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 25982444.35 |
| 311000000 | Earmarked Funds | B-2 | 1917 |
| 312000000 | Reserves | B-3 | 68059552 |
| | Total Reserve & Surplus | | 94043913.35 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 5430843 |
| | Total Grants,Contribution for specific purposes | | 5430843 |
| | Loans | | |
| 330000000 | Secured Loans | B-5 | 7013716 |
| | Total Loans | | 7013716 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1581921 |
| 350000000 | Other Liabilities | B-9 | 1135342.50 |
| | Total Current Liabilities and Provisions | | 2717263.50 |
| | | | |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 109205735.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 102721907 |
| 411000000 | Accumulated Depreciation | B-11 | (43754492) |
| 412000000 | Capital Work In Progress | B-11(a) | 4685221 |
| | Total Fixed Assets | | 63652636 |
| | INVESTMENTS | | |
| | Investments | B-12 | 5000000 |
| | Total Investments | | 5000000 |
| | Current Assets,Loans and Advances | | |
| 430000000 | Stock in hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 307529.85 |
| 440000000 | Pre-Paid Expenses | B-16 | 2129925 |
| 450000000 | Cash and Bank balance | B-17 | 37251373 |
| 460000000 | Loans, Advances and Deposits | B-18 | 864272 |
| | Total Current Assets, Loans and Advances | | 40553099.85 |
| | TOTAL ASSETS | | 109205735.85 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.